പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1443** **03/05/2017-ൽ മറുപടിയ്ക്ക്**

# സെക്രട്ടേറിയറ്റിലെ ജോലി ഭാരം

**ചോദ്യം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**ശ്രീ.പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ ജോലി ഭാരം കുറഞ്ഞതും കൂടിയതും ആയ സെക്ഷനുകൾ കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടില്ല. |
| (ബി) | ജോലിഭാരം കുറഞ്ഞ സെക്ഷനുകൾ ജോലി ഭാരം കൂടിയ വകുപ്പിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെക്ഷനുകൾ ഇത്തരത്തിൽ മാറ്റിയിട്ടുണ്ട്; | (ബി) | ബാധകമല്ല. |
| (സി) | ഓരോ സെക്ഷനിലെയും വകുപ്പുകളിലെയും ജോലിഭാരം നിശ്ചയിച്ചതിലെ അപാകത പരിഹരിച്ച് ശരിയായതും തുല്യമായതുമായ രീതിയിൽ വിഭജനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പരിശോധിക്കാവുന്നതാണ്. |
| (ഡി) | പൊതു വിദ്യാഭ്യാസ വകുപ്പിനായി സെക്രട്ടേറിയറ്റിൽ നിലവിൽ എത്ര സെക്ഷനുകൾ ഉണ്ട്; സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കൻഡറി സ്കൂളുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വെറും രണ്ട് സെക്ഷനുകൾ മാത്രമാണെന്ന കാര്യം പരിശോധിക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | പൊതു വിദ്യാഭ്യാസ വകുപ്പിൽ 20 സെക്ഷനുകൾ ഉണ്ട്. പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലെയും നിലവിലെ ഫയലുകളുടെ എണ്ണം പരിശോധിക്കുമോ; ഇതിൽ ഏറ്റവും കൂടുതൽ പൊതു വിദ്യാഭ്യാസ വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലുമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിൽ പി.ആന്റ്.എ.ആർ.ഡി വകുപ്പിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലെയും ഫയലുകളുടെ സ്ഥിതി (എണ്ണം ഉൾപ്പെടെ) മാസംതോറും പി.ആന്റ്.എ.ആർ.ഡി അവലോകനം നടത്താറുണ്ട്. ഏറ്റവും കൂടുതൽ ഫയലുകൾ പൊതു വിദ്യാഭ്യാസ വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലുമാണെന്ന കാര്യം പരിശോധിച്ചിട്ടില്ല. |
| (എഫ്) | സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെയും സെക്ഷനുകളുടെയും വിഭജനം പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുമോ; ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (എഫ്) | സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെയും സെക്ഷനുകളുടെയും ജോലിവിഭജനം സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

V. S. Vasudevan

സെക്ഷൻ ഓഫീസർ.